LIBRARY ARCHIVES Kerala Legislative Assembly

പവർകട്ട് ഒഴിവാക്കാൻ നടപടി

216 [1158] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കാലവർഷത്തിൽ ഇതുവരെ സംസ്ഥാനത്തെ ജലസംഭരണികളിൽ (ഡാമുകൾ) ലഭിച്ച വെള്ളത്തിന്റെ അളവ് എത്രയാണ്;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് ഇതിന്റെ വ്യത്യാസം വിശദമാക്കുമോ;

(സി) ലഭ്യമായ ജലത്തിന്റെ അടിസ്ഥാനത്തിൽ വരുംവർഷം പവർകട്ട് പൂർണ്ണമായും ഒഴിവാക്കാനാകുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ കാലവർഷത്തിൽ ജൂലൈ 7-ാം തീയതിവരെ വൈദ്യുതി ബോർഡിന്റെ ജലസംഭരണികളിൽ 918.04 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം ലഭിച്ചിട്ടുണ്ട്.

(ബി) മുൻവർഷത്തെ അപേക്ഷിച്ച് 707.05 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളത്തിന്റെ കുറവുണ്ട്. 1995 മുതൽ 2004 വരെയുള്ള 10 കൊല്ലത്തെ ശരാശരി കണക്കാക്കിയാൽ ജൂലൈ 7-ാം തീയതി വരെയുള്ള കാലവർഷത്തിൽ 927.67 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജലം ലഭിച്ചിട്ടുണ്ട്. ഇത് കണക്കാക്കിയാൽ ഇക്കൊല്ലം ലഭിച്ച കാലവർഷത്തിന്റെ (ജൂലൈ 7-ാം തീയതിവരെ) അളവിൽ 9.63 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജലത്തിന്റെ കുറവുണ്ട്.

(സി) ജല വൈദ്യുത ഉൽപ്പാദനം ക്രമീകരിച്ച് പവർകട്ട് ഒഴിവാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഭൂമി കൈമാറൽ

217 [1159] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*

,, *കെ. രാധാകൃഷ്ണൻ:*

,, *രാജു എബ്രഹാം:*

,, *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ റിസർവോയറുകളുടെ വൃഷ്ടിപ്രദേശങ്ങളിലുള്ളതും ഇപ്പോൾ ബോർഡിന്റെ കൈവശമുള്ളതുമായ ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വൃഷ്ടിപ്രദേശത്തെ എത്ര ഏക്കർ ഭൂമി വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വൃഷ്ടിപ്രദേശങ്ങളിൽ നടക്കാനിടയുള്ള നിർമ്മാണപ്രവർത്തനങ്ങൾ, കൃഷിജോലികൾ എന്നിവ മണ്ണൊലിപ്പ് സൃഷ്ടിച്ച് റിസർവോയറുകൾ ഉപയോഗശൂന്യമാകാനുള്ള സാധ്യത ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബോർഡിന്റെ അധീനതയിലുള്ള പ്രധാന റിസർവോയറുകളിൽ പഠനം നടത്തിയിട്ടുണ്ട്. ഇടുക്കി ജലസംഭരണിയിൽ 25 വർഷംകൊണ്ട് 1.29 ശതമാനവും കക്കി സംഭരണിയിൽ 33 വർഷംകൊണ്ട് 5.56 ശതമാനവും സംഭരണശേഷിക്കുറവ് കണ്ടെത്തിയിട്ടുണ്ട്. കല്ലാർകുട്ടി, പൊരിങ്ങൽകുത്ത് എന്നിവയിൽ 'സിൽറ്റേഷൻ' കാരണം താഴെ തട്ടിലുള്ള ജലം വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിക്കാൻ കഴിയാതായിട്ടുണ്ട്. പൊന്മുടി, കുണ്ടള, മാട്ടുപ്പെട്ടി, ആനയിറങ്കൽ, പമ്പ, കുറ്റ്യാടി എന്നീ ഡാമുകളുടെയും സംഭരണശേഷിയിൽ കുറവുവന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ചാലക്കുടി പുഴയിലെ നിർദ്ദിഷ്ട ആതിരപ്പള്ളി ജലവൈദ്യുതപദ്ധതി

218 [1160] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, *ബിനോയ് വിശ്വം:*

,, *മാങ്കോട് രാധാകൃഷ്ണൻ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിലെ നിർദ്ദിഷ്ട ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽനിന്ന് ലഭിക്കാവുന്ന വൈദ്യുതി എത്ര മെഗാവാട്ട് ആണന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ചാലക്കുടി നദീതടത്തിലെ 20 ഗ്രാമപഞ്ചായത്തുകളിലെയും രണ്ടു മുനിസിപ്പാലിറ്റികളിലെയും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും താൽപ്പര്യത്തിനു വിരുദ്ധമായി കെ. എസ്. ഇ. ബി. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly